III ശ്രദ്ധക്ഷണിക്കൽ

(1) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

ശ്രീ. എം. കുമാരൻ : സർ, കാസർഗോഡ് ജില്ലാ ആശുപത്രിക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടേയും ഈ സഭയുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്. 1984-ലാണ് കാസർഗോഡ് ജില്ല രൂപീകരിച്ചത്. അതിനു ശേഷം ഇന്നേവരെ ഈ സഭയിലെ അംഗങ്ങൾ പ്രത്യേകിച്ച് കാസർകോഡ് ജില്ലയെ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ.മാർ ഈ സഭയിൽ വിവിധ സബ്മിഷനുകളും ചോദ്യോത്തരങ്ങളും ശ്രദ്ധ ക്ഷണിക്കലുകളും നടത്തി, അതിനൊക്കെ ലഭിച്ച മറുപടി ഇന്നും നിലനിൽക്കുകയാണ്. ഞാൻ ഈ ജില്ലാ ആശുപത്രിയേയും മറ്റ് ആശുപത്രികളേയും കുറിച്ചാണ് പറയുന്നത്. 1985 മേയ്മാസം 25-നാണ് കാസർഗോഡ് ജില്ലാ ആശുപത്രി രൂപീകരിച്ചത്. അന്നുണ്ടായിരുന്ന താലൂക്ക് ആശുപത്രിയുടെ ബോർഡ് മാറ്റി പകരം ജില്ലാ ആശുപത്രി എന്ന ബോർഡ് വയ്ക്കുകയാണ് ചെയ്തത്. അങ്ങനെ 18 വർഷം പിന്നിട്ടു. ഇന്ന് ആ ജില്ലാ ആശുപത്രിയുടെ അവസ്ഥ വളരെ പരിതാപകരമായി പുറകോട്ടു പോയിരിക്കുകയാണ്. മറ്റു ജില്ലകളിലെ ആശുപത്രികളുമായി താരതമ്യം ചെയ്യുമ്പോൾ കാസർഗോഡ് ജില്ലാ ആശുപത്രി വളരെ പരിതാപകരമായ അവസ്ഥയിലാണ് കാണുന്നത്. മറ്റു ജില്ലകളിലെ ജില്ലാ ആശുപത്രികളിലും ഡോക്ടർമാരുടെ എണ്ണം 40-നും, 45-നും ഇടയിലാകുന്ന സമയത്ത് കാസർഗോഡ് ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ എണ്ണം 19 ആണ്. അതിൽ രണ്ടുപേർ കോൺട്രാക്ട് ബെയ്സിസിൽ നിയമിച്ച ഡോക്ടർമാരാണ്. അതുപോലെതന്നെ ബെഡ് സ്ട്രെങ്ത് കാസർഗോഡ് ജില്ലയൊഴിച്ച് മറ്റ് ജില്ലാ ആശുപത്രികളിലെ ബെഡ് സ്ട്രെങ്ത് 400-ഉം 450-ഉം 500-ഉം ആണ്. കാസർഗോഡ് ജില്ലാ ആശുപത്രിയിൽ കേവലം 189 ബെഡ്ഡുകൾ മാത്രമാണുള്ളത്. പ്രധാനപ്പെട്ട മറ്റൊരു കാര്യം പറയുവാനുള്ളത്, കാസർഗോഡ് ജില്ലാ ആശുപത്രിയിലെ കാഷ്വാലിറ്റി യൂണിറ്റിൽ നാലു ഡോക്ടർമാരുടെ സേവനമാണ് ലഭിക്കുന്നത്. കേരളത്തിൽ ക്യാഷ്വാലിറ്റി വിഭാഗത്തിൽ വേണ്ടത്ര പോസ്റ്റ് ഇല്ലാത്ത ജില്ലാ ആശുപത്രി ഉണ്ടെങ്കിൽ അത് കാസർഗോഡ് ജില്ലാ ആശുപത്രിയാണ്.

മി. സ്പീക്കർ : പ്ളീസ്,... പ്ളീസ്,...

ശ്രീ. എം. കുമാരൻ : ഞാനൊന്ന് പറഞ്ഞു തീർത്തോട്ടേ. ഒരു പ്രധാനപ്പെട്ട പ്രശ്നം ആയതുകൊണ്ടാണ്.

മി. സ്പീക്കർ : എല്ലാം പറഞ്ഞു.

ശ്രീ. എം. കുമാരൻ : സർ, ഇല്ല. ഈ ജില്ലാ ആശുപത്രിയിൽ പ്രധാനപ്പെട്ട സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഇല്ല. മറ്റ് ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ അമ്പതോളം സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഉണ്ടാകുമ്പോൾ കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഇ.എൻ.റ്റി. വിഭാഗം, നേത്രരോഗ വിഭാഗം,

LIBRARY ARCHIVES Kerala Legislative Assembly

ദന്തരോഗ വിഭാഗം, ത്വക്ക് രോഗ വിഭാഗം, എല്ല് രോഗ വിഭാഗം, സി.പി. യൂണിറ്റ് എന്നീ ആറ് യൂണിറ്റുകൾ മാത്രമാണുള്ളത്. ഈ സംസ്ഥാനത്ത് മറ്റ് ജില്ലാ ആശുപത്രികളിൽ കിടത്തി ചികിൽസിക്കുവാൻ പറ്റിയ രീതിയിലുള്ള മേജർ ഹോസ്പ്പിറ്റലുകൾ 8 മുതൽ 15 വരെ ഉള്ളപ്പോൾ കാസർകോട് ജില്ലയിലുള്ളത് വെറും രണ്ട് മേജർ ഹോസ്പിറ്റലുകളാണ്.

മി. സ്പീക്കർ : അതൊന്നും ഈ കാളിംഗ് അറ്റൻഷനിൽ ഉള്ളതല്ല. ഇത് ജില്ലാ ആശുപത്രിയെക്കുറിച്ചുള്ളത് മാത്രമാണ്.

ശ്രീ. എം. കുമാരൻ : സർ, അവിടെ തസ്തികകൾ പുനഃക്രമീകരിക്കണം. പോസ്റ്റ് ക്രിയേഷൻ നടത്തിക്കൊണ്ട് വേണ്ടത്ര തസ്തികകൾ ഉൾപ്പെടുത്താനുള്ള നടപടി ഉണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാസർഗോഡ് വന്ന സമയത്ത് അവിടെയുള്ള എല്ലാ എം.എൽ.എ.മാരും രാഷ്ട്രീയ പ്രതിനിധികളും ഒക്കെ ചേർന്ന് അദ്ദേഹത്തിന് ഒരു നിവേദനം കൊടുത്തിരുന്നു. അതിൽ പ്രധാനമായും പറഞ്ഞിരുന്നത് അവിടെ ഇന്ന് നിലനിൽക്കുന്ന ജില്ലാ ആശുപത്രി കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രിയാക്കി നിലനിർത്തണമെന്നാണ്. 4 കോടിരൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഉത്ഘാടനം ചെയ്ത സമയത്ത് ഇന്നുള്ള ജില്ലാ ആശുപത്രി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയായി നിലനിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് ഒരു നിവേദനം കൊടുത്തിരുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, കാസർകോഡ് സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രിയിൽ 189 കിടക്കകളാണുള്ളത്. ഈ ആശുപത്രിയിൽ അനുവദിച്ച 177 തസ്തികകളിൽ സിവിൽ സർജൻമാരുടെ തസ്തികകൾ 9 ആണ്. ഈ 9 പേരും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. അസിസ്റ്റന്റ് സർജൻമാരുടെ 10 തസ്തികകളിൽ 8 സ്ഥിരം ഡോക്ടർമാരുടെയും 2 കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ഡോക്ടർമാരുടെയും സേവനം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ അനുവദിച്ചിട്ടുള്ള ദന്തൽ സർജൻ തസ്തികയിൽ ഇപ്പോൾ കരാർ വ്യവസ്ഥയിൽ ഒരു ഡോക്ടർ ജോലി ചെയ്യുന്നുണ്ട്. 2 ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകളിൽ പി.എസ്.സി. മുഖേന ഒരാളും കരാർ അടിസ്ഥാനത്തിൽ ഒരാളും ജോലി ചെയ്തുവരുന്നു. എക്സ്റേ ടെക്നീഷ്യന്റെ അനുവദിക്കപ്പെട്ട തസ്തികയിൽ ഒരാൾ സേവനം അനുഷ്ഠിക്കുന്നു. ബ്ളഡ് ബാങ്ക് ടെക്നീഷ്യന്റെ ഒരു തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും അത് ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ തസ്തികകളിലേയ്ക്കും ബാക്കിയുള്ള 153 തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്ന 20 ഓളം തസ്തികകളിലേക്കും നിയമനം നടത്താനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു. ഈ ആശുപത്രിയിൽ ഇപ്പോൾ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തിക അനുവദിച്ചെങ്കിലും ഡോക്ടർമാരുടെ ടേൺ ഡ്യൂട്ടിയിൽ അത്യാഹിത വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇ.എൻ.റ്റി., നേത്ര രോഗ ചികിൽസ, ദന്ത രോഗ ചികിൽസ, എല്ല് രോഗ ചികിൽസ, സി.പി. യൂണിറ്റ് എന്നീ സ്പെഷ്യാലിറ്റികൾ ഇപ്പോൾ അവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എക്സ്റേ വിഭാഗവും ലബോറട്ടറി വിഭാഗവും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ ദിവസേന ശരാശരി 800

LIBRARY ARCHIVES Kerala Legislative Assembly

പേർക്ക് ഒ.പി. വിഭാഗത്തിലും 150 പേർക്ക് ഐ.പി. വിഭാഗത്തിലും ചികിൽസ നൽകിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അത്യാവശ്യ മരുന്നുകൾ ഈ ആശുപത്രിയിൽ സ്റ്റോക്കുണ്ട്. 200 കിടക്കകളുള്ള സൗകര്യത്തോടുകൂടിയ പുതിയ കെട്ടിടം കാസർകോഡ് ജില്ലാ ആശുപത്രിക്കായി ഇപ്പോൾ പണിതു കൊണ്ടിരിക്കുകയാണ്. ഈ കെട്ടിടത്തിന്റെ പണി താമസിയാതെ പൂർത്തീകരിച്ചു കഴിഞ്ഞാൽ ആശുപത്രി ആ കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്.

ശ്രീ. എം. കുമാരൻ : സർ, എന്റെ ചോദ്യം ഈ പുതിയ കെട്ടിടത്തിലേക്ക് ജില്ലാ ആശുപത്രി മാറ്റുന്ന സമയത്ത് ഇന്ന് നിലവിലുള്ള ആശുപത്രി കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രിയാക്കി മാറ്റുമോ എന്നുള്ളതാണ്. മറ്റൊന്ന്, പോസ്റ്റ് ക്രിയേഷൻ നടത്തി നിയമനം നൽകുമോ എന്നതാണ്.

ശ്രീ. പി. ശങ്കരൻ : ഈ കാര്യം ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച ശേഷമേ തീരുമാനിക്കുവാനാകൂ.

(2) പെരിയാറിൽനിന്നും മണൽ വാരുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സാഹചര്യം

ശ്രീ. ടി. എച്ച്. മുസ്തഫ : സർ , പെരിയാറിലേയും മറ്റു നദികളിലേയും അനധികൃത മണൽവാരലിനെക്കുറിച്ച് എന്റെ മൂന്നാമത്തെ കാളിംഗ് അറ്റൻഷനാണ് ഇത്. ആദ്യത്തേത് മുഖ്യമന്ത്രിക്കാണ് കൊടുത്തത്. ജലസേചന വകുപ്പുമന്ത്രിയാണ് മറുപടി പറഞ്ഞത്. അദ്ദേഹത്തിനാണ് അതിന്റെ ചുമതല എന്നു വിചാരിച്ച് രണ്ടാമത് അദ്ദേഹത്തിനാണ് കൊടുത്തത്. അപ്പോഴാണ് എനിക്ക് മനസ്സിലായത് നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവുമെന്ന ബിൽ 2001-ൽ പാസ്സാക്കിയത് റവന്യൂ വകുപ്പാണ് അതുകൊണ്ട് മണൽവാരൽ സംബന്ധിച്ച മുഴുവൻചുമതലയും റിക്കാർഡുകളും റവന്യൂ വകുപ്പിലാണ് എന്ന്.

മി. സ്പീക്കർ : ഇൻട്രൊഡക്ഷനുതന്നെ ഇത്രയും സമയമായി.

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, അങ്ങനെ എന്റെ രണ്ട് കാളിംഗ് അറ്റൻഷൻ വെറുതെയായി. അങ്ങനെയാണ് മൂന്നാമതും തരാൻ ഇടയായത്. ആരു ഈ വകുപ്പ് കൈകാര്യം ചെയ്താലും കുഴപ്പമില്ല, നദി ആരു സംരക്ഷിച്ചാലും കുഴപ്പമില്ല, 'നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം' എന്ന് പേരു കൊടുത്തിട്ടുണ്ട്. നദീതീരം നശിപ്പിക്കലും മണൽ നിർബാധം വാരാനുമാണ് ആ നിയമം നടപ്പാക്കുന്നവർ ഇന്ന് അനുവദിക്കുന്നത്. അങ്ങ് ആലുവാ പാലസിൽ താമസിച്ചപ്പോൾ അവിടത്തെ സ്ഥിതി കണ്ടതാണ്. ഇവിടത്തെ മന്ത്രിമാരൊക്കെ കണ്ടിട്ടുള്ളതാണ്. പെരിയാർ നദി പൂർണ്ണമായും നശിച്ചുകഴിഞ്ഞു. അവിടെ മണൽ വാരുന്നതിന് യാതൊരു കൈയും കണക്കുമില്ല. കുറേ അധികൃതമായും കുറേ അനധികൃതമായും വാരുവാൻ ബന്ധപ്പെട്ടവർ അനുവാദം നൽകുന്നു. അനധികൃതമായി രാവും പകലും മണൽ വാരുന്നു. ആരും ഇതിനെതിരെ നടപടി എടുക്കാറില്ല. പോലീസ് പറയുന്നത് കടവ് കമ്മിറ്റിക്കാരോ ജില്ലാ വിദഗ്ദ്ധ സമിതിയോ ആവശ്യപ്പെട്ടാലേ ഞങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly